# കേരള സർവകലാശാല

നം. പി.ആർ.017/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാലയിൽ ഭരണസ്തംഭനം എന്ന വാർത്ത സത്യ വിരുദ്ധം

കേരള സർവകലാശാലയിൽ ഭരണസ്തംഭനം എന്ന നിലയിൽ ചില വാർത്താ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ സത്യവിരുദ്ധമാണെന്ന് വൈസ് ചാൻസലർ അറിയിക്കുന്നു.

കേരള സർക്കാരിന് വേണ്ടി ബഹു: സംസ്ഥാന ഗവർണർ പുറപ്പെടുവിച്ച സർവകലാശാല നിയമ ഭേദഗതി ഓർഡിനൻസിൽ ചില കാര്യങ്ങൾക്ക് വ്യക്തത വരാനുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ ഇറക്കിയ ഓർഡിനൻസിലെ നിയമ ഭേദഗതികൾ ഉടൻ പ്രാബല്യത്തിൽ വരുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. സെനറ്റിലെ ഘടനയിൽ വന്ന ഭേദഗതികൾ സർവകലാശാല സിൻഡിക്കേറ്റിന്റെ ഘടനയെ പ്രത്യക്ഷത്തിൽ ബാധിക്കുന്നു. ഏതെങ്കിലും അനർഹരായ അംഗത്തെ വെച്ച് നടത്തുന്ന ഒരു യോഗവും നിയമപരമായി സാധു ആവുകയില്ല. സ്വാഭാവികമായും ഈ കാര്യത്തിൽ വ്യക്തത തേടി ചാൻസലറെ ബന്ധപ്പെടേണ്ടത് വൈസ്ചാൻസലറുടെ നിയമപരവും ധാർമികവുമായ ബാധ്യതയാണ്.

ചാൻസിലറിൽ നിന്നും നിർദ്ദിഷ്ട ഉപദേശം ലഭിക്കും വരെ സിൻഡിക്കേറ്റ് യോഗം കൂടുന്നത് വൻ നിയമ പ്രശ്നങ്ങൾക്ക് വഴിതെളിക്കും. സർവകലാശാലയുടെ നയപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുകയാണ് രണ്ട് മാസത്തിലൊരിക്കൽ കൂടുന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മുഖ്യചുമതല. ഇടയ്ക്കിടെ കൂടുന്ന ഉപസമിതിയുടെ ശുപാർശകൾ സിൻഡിക്കേറ്റ് യോഗത്തിൽ അംഗീകരിച്ചാലേ നടപ്പിലാക്കാനാകൂ. അടിയന്തിര ഘട്ടങ്ങളിൽ സുപ്രധാന വിഷയങ്ങളിൽ സിൻഡിക്കേറ്റിന് വേണ്ടി വൈസ്ചാൻസലർക്ക് സർവകലാശാലാ നിയമവും ചട്ടങ്ങളും അനുസരിച്ച് തീരുമാനം എടുക്കാം. ദൈനംദിന കാര്യങ്ങൾ ഉൾപ്പെടെ നയപരമായ തീരുമാനങ്ങൾ മുടക്കം വരാതെ നടത്താൻ സർവകലാശാല ഭരണസംവിധാനത്തിന് അധികാരവും ചുമതലയും ഉണ്ട്. ഇതനുസരിച്ച് കാര്യക്ഷമതയോടെ എല്ലാ വിഷയങ്ങളിലും ഒരു മുടക്കവും കൂടാതെ ഭരണം നടക്കുന്നുണ്ട്.

അധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ പൊതുജനങ്ങൾക്കോ യാതൊരു അസൗകര്യവും ഉണ്ടാകെ അവരുടെ നയപരമായ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ യാതൊരു വീഴ്ചയോ ബുദ്ധിമുട്ടോ ഉണ്ടാകുന്നില്ല. മറിച്ചുള്ള പ്രചാരങ്ങൾ വാസ്തവ വിരുദ്ധമാണ്. പരീക്ഷ സംബന്ധിച്ച് നിയമപരമായ ചുമതലകൾ നിർവ്വഹിക്കേണ്ടത് പരീക്ഷ കൺട്രോളർ ആണ്. അടിയന്തിരമായ തീരുമാനങ്ങൾ സിൻഡിക്കേറ്റിനു വേണ്ടി വൈസ്ചാൻസലർ എടുക്കുന്നുമുണ്ട്. ഭരണസ്തംഭനം എന്ന ചില നിക്ഷിപ്ത താൽപര്യക്കാരുടെ വ്യാജ പ്രചരണത്തിൽ സമൂഹത്തിന് തെറ്റിദ്ധാരണ ഉണ്ടാക്കാതിരിക്കാനാണ് ഈ പത്രക്കുറിപ്പ് ഇറക്കിയിട്ടുള്ളത്.

തിരുവനന്തപുരം.
21.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**